ശ്രീമതി കെ. ആർ. ഗൗരി: നിരാകരിച്ചിട്ടില്ല. ഓപ്പറേറ്റുചെയ്യാനുള്ള അവകാശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: തുല്യജോലിക്ക് തുല്യവേതനം എന്ന തത്വത്തെ ആദരിച്ച്, ഓപ്ഷൻ ഏർപ്പാട് സ്വീകരിക്കാതെ നിലവിലുള്ള ആനുകൂല്യങ്ങൾ കുറയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: തുല്യജോലിക്ക് തുല്യവേതനം എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഇഷ്ടമുള്ള ശമ്പളം സ്വീകരിക്കാൻ ഓപ്റ്റുചെയ്യാൻ വ്യവസ്ഥചെയ്തിരിക്കുന്നത്. തുല്യജോലിക്ക തുല്യശമ്പളം എന്ന നിലയിൽ ആരെയും അടിച്ചേല്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(b) Unstarred Questions and Answers

നീലേശ്വരം സബ്രജിസ്ട്രാർ ആഫീസ്

39 (503) ശ്രീ. വി. വി. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർജില്ലയിൽ നീലേശ്വരത്തു് ഒരു പുതിയ സബ്രജിസ്ട്രാർ ആഫീസ് തുറന്നിട്ട് എത്ര കാലമായെന്നു പറയാമോ;

(ബി) ആഫീസിന്റെ ഉദ്ഘാടനം നടത്തിയതു് ആരാണു്;

(സി) ഏതു തീയതിക്കാണു് ഉദ്ഘാടനം നടത്തിയതു്;

(ഡി) പുതിയ ആഫീസിന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങൾ ഏതൊക്കെയാണു;

(ഇ) നീലേശ്വരം സബ്രജിസ്ട്രാർ ആഫീസ് നടത്തിവരുന്ന കെട്ടിടത്തിൽനിന്നും കേവലം ഒന്നോരണ്ടോ കിലോമീറ്റർ ദൂരംമാത്രം കിടക്കുന്ന ചെറുവത്തൂർ ക്കായിക്കോട്ട്, എന്നീ പ്രദേശങ്ങളെ നീലേശ്വരം സബ്രജിസ്ട്രാർ ആഫീസിന്റെ പരിധിയിൽപ്പെടുത്തുന്നതിനു പകരം ഏതാണ്ടു് 7 നാഴികയോളം ദൂരെ കിടക്കുന്ന തൃക്കരിപ്പൂർ സബ്രജിസ്ട്രാർ ആഫീസിൽ ഉൾപ്പെടുത്താൻ കാരണമെന്തെന്നു് പറയുമോ;

(എഫ്) ഇതു സംബന്ധിച്ചു് നീലേശ്വരം ബി. ഡി. സി. യുടെ ഒരു പ്രമേയം ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) നീലേശ്വരം സബ്രജിസ്ട്രാർ ആഫീസ് 5—5—1969 മുതൽ തുറന്നു് പ്രവർത്തനം നടത്തിവരുന്നു.

(ബി, സി) ഔപചാരികമായ ഉദ്ഘാടനം ഉണ്ടായിട്ടില്ല:

(ഡി) താഴെപറയുന്ന വില്ലേജുകൾ പുതിയ ആഫീസിന്റെ പരിധിയിൽ പ്പെടുന്നു. (1) കയ്യൂർ (2) എളേരി ഈസ്റ്റ് (3) എളേരി വെസ്റ്റ് (4) പുതുക്കൈ (5) കിണാനൂർ (6) കരിന്തളം [7] നീലേശ്വരം.

(ഇ) ചെറുവത്തൂർ വില്ലേജിൽനിന്നു് നീലേശ്വരം സബ്രജിസ്ട്രാർ ആഫീസിലേക്കു് 5 മൈൽ ദൂരവും ക്കായിക്കോട്ട് വില്ലേജിൽനിന്നും 7 മൈൽ ദൂരവും ഉള്ളതായിട്ടാണു് അറിയുന്നതു്.

(എഫ്) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു് കിട്ടിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly